LIBRARY ARCHIVES Kerala Legislative Assembly

വികസന പദ്ധതി ഉൾപ്പെടെയുള്ള 10 പ്രോജക്ടുകൾക്കായിട്ടാണ് ഈ തുക അനുവദിച്ചിരിക്കുന്നത്. കൂടാതെ ടോക്കൺ വിഹിതമായി 1 ലക്ഷം രൂപ '2217-01-800-99-തലസ്ഥാന നഗര വികസന പദ്ധതി (പ്ലാൻ)' എന്ന ശീർഷകത്തിലും തിരുവനന്തപുരം വികസന അതോറിറ്റിക്ക് 25 കോടി രൂപ '4217-60-191-98-(പ്ലാൻ)' എന്ന ശീർഷകത്തിലും തലസ്ഥാന നഗര വികസനത്തിനായി നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) 2010-11 സാമ്പത്തിക വർഷം മുതൽ 2013-14 വർഷം വരെ ഉപയോഗശൂന്യവും പഴയതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റിക്ക് പദ്ധതി വിഹിതമായി 305 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 260 കോടി രൂപയാണ് ജല അതോറിറ്റി വിനിയോഗിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷവും ഈ ആവശ്യത്തിലേക്കായി 95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം '2515-00-101-68 ശുചിത്വ കേരളം (പ്ലാൻ)' എന്ന ശീർഷകത്തിൽ 20 കോടി രൂപയും '2217-80-800-71 നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം (പ്ലാൻ)' എന്ന ശീർഷകത്തിൽ 24.98 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ KSUDP, JNNURM പദ്ധതികളിൽപ്പെടുത്തിയും മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ, മോണോ റെയിൽ, സബർബൻ റെയിൽവേ, മൊബിലിറ്റി ഹബ് തുടങ്ങിയ പദ്ധതികൾക്കായി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1225 കോടി രൂപ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ കെ.എസ്.ആർ.ടി.സി.ക്കായി പദ്ധതിയിനത്തിൽ 65.42 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

ധനകാര്യ വകുപ്പിലെ ആധുനികവത്കരണം

110 (7946) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഖി) ധനവകുപ്പിൽ എത്തുന്ന ഫയലുകൾ എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) ധനവകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം നടത്തി ഡി.ഡി.എഫ്.എസ്. നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം നടത്തുകയും ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയലുകൾ സമർപ്പിക്കുകയും ചെയ്യുവരുന്നു. വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു.

(ബി) ധനവകുപ്പിൽ എത്തുന്ന ഫയലുകൾ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിനായി ഇ-ഫയലിംഗ് നടപ്പിലാക്കിവരുന്നു.

(സി) ധനവകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡി.ഡി.എഫ്.എസ്-ന് പകരം ഇ-ഫയലിംഗ് സംവിധാനമാണ് നടപ്പിലാക്കിവരുന്നത്.

ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം

111 (7947) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന് പ്രവർത്തിക്കാനുള്ള ഓഫീസ് നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നുമുതലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ആകെ എത്ര സ്റ്റാഫിനെയാണ് കമ്മീഷനിൽ പ്രവർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് ; ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; എത്ര വീതം ;

(ഡി) ആകെ എത്ര ജീവനക്കാർ കമ്മീഷനിൽ ജോലി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷനാണ് നിലവിലുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 24-5-2014-ലെ സ.ഉ. (സാധാ) നമ്പർ 1277/2014/തസ്വഭ പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന് പ്രവർത്തിക്കാനുള്ള ഓഫീസ് നൽകി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly